**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3060** **01-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ പാലങ്ങൾ വിഭാഗത്തിന് എത്ര ഓഫീസുകളാണ് ഉള്ളത് എന്നറിയിക്കാമോ; ഇവയിൽ ഏതൊക്കെ തസ്തികകൾ നിലവിലുണ്ടെന്നും അവയിൽ ഒഴിവുകൾ നിലവിലുണ്ടോ എന്നും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ 3 ഓഫീസുകളാണ് നിലവിലുള്ളത്. ടി ഓഫീസുകളുടെ വിവരം അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര പാലങ്ങളുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; പൊതുമരാമത്ത് റോഡുകളിലുള്ളതല്ലാതെ ഗ്രാമീണ റോഡുകളിലെ പാലങ്ങളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പ്രവൃത്തി നിർവ്വഹിക്കാറുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന് കീഴിൽ നിലവിൽ 9 പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് റോഡുകളിൽ അല്ലാതെ ഗ്രാമീണ റോഡുകളിലെ പാലങ്ങളുടെ പ്രവൃത്തികൾ സർക്കാർ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്താറുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പാലങ്ങൾ വിഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഓഫീസും ഉദ്യോഗസ്ഥരും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പിന് കീഴിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ തയ്യാറാകുമോ; | (സി) | പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒരു സമ്പൂർണ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐ.എം.ജി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലമ്പൂർ കേന്ദ്രമായി പുതിയ പാലങ്ങൾ വിഭാഗം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിനായി ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ പാലങ്ങൾ വിഭാഗത്തിന് കീഴിലുള്ള ഓഫീസുകളും അവയിലെ തസ്തികകളും ഒഴിവുകളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഫീസ് | തസ്തിക | ഒഴിവുകൾ |
|---|---|---|
| ബ്രിഡ്ജസ് സബ് ഡിവിഷൻ, മഞ്ചേരി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഇല്ല |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ഇല്ല |
| | 1st ഗ്രേഡ് ഓവർസീയർ | ഇല്ല |
| | 2nd ഗ്രേഡ് ഓവർസീയർ | ഇല്ല |
| | 3rd ഗ്രേഡ് ഓവർസീയർ | ഇല്ല |
| | ഹെഡ് ക്ലാർക്ക് | ഇല്ല |
| | ക്ലാർക്ക് | ഇല്ല |
| | ടൈപ്പിസ്റ്റ് | ഇല്ല |
| | ഡ്രൈവർ | ഇല്ല |
| | ഓഫീസ് അറ്റൻഡന്റ് | ഇല്ല |
| | വാച്ച്മാൻ | 1 |
| ബ്രിഡ്ജസ് സെക്ഷൻ, മഞ്ചേരി | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| | 1st ഗ്രേഡ് ഒവർസീയർ | ഇല്ല |
| | 3rd ഗ്രേഡ് ഓവർസീയർ | ഇല്ല |
| ബ്രിഡ്ജസ് സെക്ഷൻ, തിരൂർ | അസിസ്റ്റന്റ് എഞ്ചിനീയർ | ഇല്ല |
| | 1st ഗ്രേഡ് ഓവർസീയർ | ഇല്ല |
| | 3rd ഗ്രേഡ് ഓവർസീയർ | ഇല്ല |